**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകി വന്നിരുന്ന ജി.എസ്.ടി. നഷ്ടപരിഹാരത്തുക നിർത്തലാക്കിയത് കാരണം 2023-24 വർഷം സംസ്ഥാനത്തിന് ഈ ഇനത്തിൽ നഷ്ടമാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് 01.07.2017 മുതൽ സംസ്ഥാനങ്ങൾക്ക് 5 വർഷത്തിൽ ഉണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കിതുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ഇപ്രകാരം കണക്കാക്കിയ നഷ്ടപരിഹാര തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017-18 ൽ 57.32 കോടി രൂപയും, 2018-19 ൽ 25.79 കോടി രൂപയും, 2020-21 ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20 ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ - ജൂൺ) വരെ 776.35 കോടി രൂപ ബാക്കി ലഭിക്കാനുണ്ട്.<br><br>കോമ്പൻസേഷൻ ആക്റ്റ് പ്രകാരം നഷ്ടപരിഹാരം ലഭിച്ചിരുന്നത് 2022 ജൂൺ മാസം വരെയായിരുന്നു. മേൽപ്പറഞ്ഞ നിയമപ്രകാരം നഷ്ടപരിഹാരം കണക്കാക്കുന്നതിലേക്ക് 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത എസ്.ജി.എസ്.ടി. കളക്ഷൻ, ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷൻ എന്നിവ ആവശ്യമാണ്. ആയതിനാൽ ടി ഇനത്തിൽ നഷ്ടമാകുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| FY | Protected revenue (Crore) | Actual revenue (Crore) | Compensation (Crore) | Compensation received (Crore) | Balance (Crore) |
|---|---|---|---|---|---|
| 2017-18 (July) | 16398 | 14238.68 | 2159.32 | 2102 | 57.32 |
| 2018-19 | 24924 | 21366.21 | 3557.79 | 3532 | 25.79 |
| 2019-20 | 28416 | 20316.4 | 8099.6 | 8111 | -11.4 |
| 2020-21 | 32400 | 19558.51 | 12841.49 | 12828.96 | 12.53 |
| 2021-22 | 36936 | 24085.61 | 12850.39 | 12850.39 | 0 |
| 2022-23 (June) | 10524 | 7393.28 | 3130.72 | 2354.37 | 776.35 |

സെക്ഷൻ ഓഫീസർ